**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 109** **27-07-2021 - ൽ മറുപടിയ്ക്ക്**

**മലയാളം ലെക്സിക്കൻ മേധാവിയുടെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ . സണ്ണി ജോസഫ് ,<br>ശ്രീ . ഷാഫി പറമ്പിൽ | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | മലയാളം ലെക്സിക്കൻ മേധാവിയായി സംസ്കൃതാദ്ധ്യാപികയെ നിയമിച്ചത് നിയമാനുസൃതമാണോ എന്നത് പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ ; | (എ) | ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി യിൽ വിദൂര വിദ്യാഭ്യാസ പദ്ധതി ആരംഭിക്കുന്നതുവരെ വിദൂര വിദ്യാഭ്യാസം നേടുന്നതിനുള്ള വിദ്യാർത്ഥികളുടെ അവസരം സംരക്ഷിക്കുന്നതിനായി നിലവിലെ സർവ്വകലാശാലകളിൽ വിദൂര വിദ്യാഭ്യാസം തുടരുന്നതിനുള്ള നടപടി കൾ സർക്കാർ സ്വീകരിക്കുന്നതാണ്. |
| (ബി) | കേരള സർവ്വകലാശാല ഓർഡിനൻസ് ചട്ടങ്ങൾ പ്രകാരം ലെക്സിക്കൻ എഡിറ്ററുടെ യോഗ്യതകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (ബി) | ഓർഡിനൻസ് പ്രകാരമുള്ള യോഗ്യതകൾ അനുബന്ധം ആയി ചേർക്കുന്നു. |
| (സി) | മലയാള ഭാഷയിൽ ഉന്നത പ്രാവീണ്യം, ഗവേഷണ ബിരുദം, യൂണിവേഴ്സിറ്റി കോളേജുകളിൽ പത്തു വർഷത്തെ അദ്ധ്യാപന പരിചയം അല്ലെങ്കിൽ പതിനഞ്ച് വർഷം ലെക്സിക്കൻ വർക്കിൽ പരിചയം എന്നീ മാനദണ്ഡങ്ങൾ നിലവിലെ മലയാളം ലെക്സിക്കൻ മേധാവിക്ക് ഉണ്ടോ എന്ന് വ്യക്തമാക്കാമോ; | (സി) | ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലെ താൽക്കാലികമായ നിയമനത്തി നായുള്ള വിജ്ഞാപനത്തിൽ വിദഗ്ദ്ധർ ഉൾപ്പെടുന്ന സെലക്ഷൻ കമ്മിറ്റിയുടെ ശിപാർശപ്രകാരമുള്ള എല്ലാ യോഗ്യതകളും തിരഞ്ഞെടുക്കപ്പെട്ട വ്യക്തിക്ക് ഉണ്ടെന്ന് സെലക്ഷൻ കമ്മിറ്റി കണ്ടെത്തി ശിപാർശ നടത്തിയപ്രകാരം ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലെ താൽക്കാലികമായ നിയമനത്തിന് സർവകലാശാല സിൻഡിക്കേറ്റ് അംഗീകാരം നൽകിയിട്ടുണ്ട്. മലയാള ഭാഷ വിദഗ്ദ്ധർ അടങ്ങിയ സെലക്ഷൻ കമ്മിറ്റി മലയാളം/ സംസ്കൃതഭാഷകളിൽ ഡോക്ടറേറ്റ്, അദ്ധ്യാപന, ഗവേഷണപരിചയം എന്നീയോഗ്യതകൾ ഉൾപ്പെടുത്തി വിവിധ സർവകലാശാലയിലെ പ്രൊഫസർമാർക്ക് എഡിറ്റർ തസ്തികയിലേക്ക് അപേക്ഷിക്കാൻ അവസരമൊരുക്കിയിരുന്നു. പ്രസ്തുത വിജ്ഞാപനത്തിൽ ഉൾപ്പെടുത്തി യിരുന്ന എല്ലാ യോഗ്യതകളും ലെക്സിക്കൺ മേധാവിക്ക് ഉണ്ട്. |
| (ഡി) | ഇല്ലെങ്കിൽ കേരള സർവ്വകലാശാല ഓർഡിനൻസിന് വിരുദ്ധമായി നടത്തിയ ഈ | (ഡി) | സ്ഥിരനിയമനം നടന്നിട്ടില്ല; കൺസൾട്ടേഷൻ റൂൾ തയ്യാറാക്കി കേരള പബ്ലിക് സർവീസ് കമ്മീഷൻ |

| | | | |
|---|---|---|---|
| | നിയമനം പുനഃപരിശോധിക്കാൻ തയ്യാറാകുമോ? | | മുഖാന്തരം മാത്രമേ സ്ഥിരനിയമനം നടത്തുകയുള്ളൂ. ഇടക്കാലത്തേക്കുള്ള ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലെ നിയമനം മാത്രമാണിത്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

സ്ഥിര നിയമനത്തിനുള്ള യോഗ്യതകൾ താഴെപ്പറയുന്നവയാണ്.

| Chapter XVII -Schedule | | | | | |
|---|---|---|---|---|---|
| Sl. No. | Designation | Age | Qualifications | | Mode of Recruitment |
| | | | General | Technical | |
| 93 | Editor | Not more than 50 years Age bar will not be applicable to the staff of University | A first or second class Masters Degree in Malayalam 2.Reserch degree of a Doctorate standard or Published work of high standard. *3.Above 10 years experience of teaching at University/ College/ 15 years experience in Lexicon work and some experience of guiding Research | Nil | Direct Recruitment based on merit by inviting applications by advertisement in the press |

സെക്ഷൻ ഓഫീസർ